## പതിനാലാം കേരള നിയമസഭ

# ചട്ടങ്ങൾ സംബന്ധിച്ച സമിതി (2016-2019)

**ഒന്നാമത് റിപ്പോർട്ട്**

**(2018 മാർച്ച് 12-ാം തീയതി മേശപ്പുറത്തുവച്ചത്)**

കേരള നിയമസഭാ സെക്രട്ടേറിയറ്റ്

തിരുവനന്തപുരം

2018

പതിനാലാം കേരള നിയമസഭ

# ചട്ടങ്ങൾ സംബന്ധിച്ച സമിതി (2016-2019)

ഒന്നാമത് റിപ്പോർട്ട്

425/2018.

# ഉള്ളടക്കം


| | | പേജ് |
|---|---|---|
| സമിതിയുടെ ഘടന | .. | v |
| റിപ്പോർട്ട് | .. | 1-5 |
| അനുബന്ധം | .. | 6-13 |

## സമിതിയുടെ ഘടന

**എക്സ്-ഒഫിഷ്യോ ചെയർമാൻ:**

ശ്രീ. പി. ശ്രീരാമകൃഷ്ണൻ, സ്പീക്കർ.

**അംഗങ്ങൾ:**

1. ശ്രീ. സി. ദിവാകരൻ, എം.എൽ.എ.
2. ശ്രീ. മുരളി പെരുനെല്ലി, എം.എൽ.എ.
3. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ, എം.എൽ.എ.
4. ശ്രീ. എൻ. ഷംസുദ്ദീൻ, എം.എൽ.എ.
5. ശ്രീ. ഐ. ബി. സതീഷ്, എം.എൽ.എ.
6. ശ്രീ. കെ. എം. ഷാജി, എം.എൽ.എ.
7. ശ്രീ. എ. എൻ. ഷംസീർ, എം.എൽ.എ.
8. ശ്രീ. വി. ആർ. സുനിൽ കുമാർ, എം.എൽ.എ.
9. ശ്രീ. കെ. സുരേഷ് കുറുപ്പ്, എം.എൽ.എ.
10. ശ്രീ. സി. എഫ്. തോമസ്, എം.എൽ.എ.

**നിയമസഭാ സെക്രട്ടേറിയറ്റ്:**

1. ശ്രീ. വി. കെ. ബാബുപ്രകാശ്, സെക്രട്ടറി
2. ശ്രീ. സി. ജോസ്, അഡീഷണൽ സെക്രട്ടറി
3. ശ്രീ. പി. ഹരി, ഡെപ്യൂട്ടി സെക്രട്ടറി
4. ശ്രീമതി എൽ. ജ്യോതി, അണ്ടർ സെക്രട്ടറി.

# റിപ്പോർട്ട്

പതിനാലാം കേരള നിയമസഭയുടെ ചട്ടങ്ങൾ സംബന്ധിച്ച സമിതി (2016-2019) 2016 ജൂലൈ മാസം 25-ാം തീയതി രൂപീകരിക്കപ്പെട്ടു. സമിതിയുടെ പ്രഥമയോഗം 2017 ഡിസംബർ 20-ാം തീയതി ചേർന്നു.

2. സ്ത്രീകളുടെയും കുട്ടികളുടെയും വികലാംഗരുടെയും ക്ഷേമം സംബന്ധിച്ച സമിതി, മേശപ്പുറത്തുവച്ച കടലാസ്സുകൾ സംബന്ധിച്ച സമിതി, ഔദ്യോഗിക ഭാഷ സംബന്ധിച്ച സമിതി എന്നീ സമിതികളുമായി ബന്ധപ്പെട്ട ചട്ടങ്ങളിൽ മാറ്റം വരുത്തുന്നതിനുള്ള ശിപാർശകൾ, നിയമസഭാ ചട്ടങ്ങളിൽ ഇതിന് മുമ്പ് വരുത്തിയ ഭേദഗതി കൾക്കനുസൃതമായി മറ്റ് ചില ചട്ടങ്ങളിൽ അവശ്യം വരുത്തേണ്ടതായ ഭേദഗതി നിർദ്ദേശങ്ങൾ, ഇതര സംസ്ഥാന നിയമസഭാ ചട്ടങ്ങളിൽ വരുത്തിയ ഭേദഗതികൾക്കു സമാനമായ ഭേദഗതികൾ കേരള നിയമസഭാചട്ടങ്ങളിൽ വരുത്തേണ്ട ആവശ്യമുണ്ടോ എന്നീ വിഷയങ്ങൾ പ്രസ്തുത യോഗത്തിൽ സമിതി പരിഗണിക്കുകയുണ്ടായി. വിശദമായ ചർച്ചയ്ക്ക് ശേഷം കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിൽ ചുവടെപ്പറയുന്ന ഭേദഗതികൾ വരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിക്കുകയുണ്ടായി:

(i) ഇന്ത്യയിൽ ടെലഗ്രാം സംവിധാനം നിർത്തലാക്കിയിട്ടുള്ള സാഹചര്യത്തിൽ അംഗങ്ങൾക്ക് അറിയിപ്പ് Short Message Service (SMS) ആയോ മറ്റ് ഇലക്ട്രോണിക് മാധ്യമങ്ങളിലൂടെയോ നൽകുന്നതിനു വ്യവസ്ഥ ചെയ്യുന്നതിനായി ചട്ടം 3-ന്റെ ക്ലിപ്തനിബന്ധന ഭേദഗതി ചെയ്യണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ii) സഭാ സമ്മേളനം ആരംഭിക്കുന്ന സമയം 9.00 മണി ആയി നിശ്ചയിക്കുന്നത് ഉചിതമായിരിക്കുമെന്ന് പൊതുവായി ഉയർന്നുവന്ന അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ സഭാ സമ്മേളനസമയം പുനഃക്രമീകരിക്കുന്നതിനായി ചട്ടം 12 ഭേദഗതി ചെയ്യണമെന്നും അതിന് ആനുഷംഗികമായ ഭേദഗതികൾ 20, 55, 56, 143, 153 എന്നീ ചട്ടങ്ങളിൽ വരുത്തണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

(iii) നിയമസഭാ ചോദ്യങ്ങൾക്കുള്ള നോട്ടീസുകൾ 2014 മുതൽ ഓൺലൈനായും സ്വീകരിച്ചു തുടങ്ങിയിട്ടുള്ള സാഹചര്യത്തിൽ അതിനുള്ള വ്യവസ്ഥ ചട്ടങ്ങളിൽ ഉൾപ്പെടുത്തുന്നതിനായി ചട്ടം 28-ന്റെ പ്രാരംഭ വാചകം ഭേദഗതി ചെയ്യണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(iv) ചട്ടം 32(1) പ്രകാരം ഒരംഗത്തിന് ഒരു ദിവസം ചോദിക്കാവുന്ന നക്ഷത്ര ചിഹ്നമിട്ട ചോദ്യങ്ങളുടെ എണ്ണം പരമാവധി മൂന്ന് ആണെന്നതിനാൽ അതിനനുസൃതമായി ചട്ടം 40(2) ഭേദഗതി ചെയ്യണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(v) നിയമസഭാ ചോദ്യങ്ങൾക്ക് ബന്ധപ്പെട്ട വകുപ്പുകൾ ഇടക്കാല മറുപടിയാണ് നൽകുന്നതെങ്കിൽ അന്തിമമറുപടി 15 ദിവസത്തിനുള്ളിൽ ലഭ്യമാക്കണമെന്നും അല്ലാത്തപക്ഷം കാലതാമസത്തിനുള്ള കാരണം കാണിക്കുന്ന സ്റ്റേറ്റ്മെന്റ് ബന്ധപ്പെട്ട വകുപ്പുമന്ത്രി സഭയുടെ മേശപ്പുറത്ത് വയ്ക്കണമെന്നും ചട്ടം 47(2)-ൽ വ്യവസ്ഥ ചെയ്യുന്നു. എന്നാൽ ഒരു മറുപടിയും ലഭ്യമാക്കിയിട്ടില്ലാത്ത സാഹചര്യം സംജാതമാകുന്ന സന്ദർഭങ്ങളിൽ എന്തുനടപടി സ്വീകരിക്കണമെന്നതു സംബന്ധിച്ച് ചട്ടത്തിൽ പ്രത്യേകമായി വ്യവസ്ഥ ചെയ്തിരുന്നില്ല. അതിനാൽ അതു സംബന്ധിച്ച വ്യവസ്ഥ ചട്ടങ്ങളിൽ ഉൾപ്പെടുത്തണമെന്നും അതിനായി ചട്ടം 47(2) ഭേദഗതി ചെയ്യണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

(vi) അടിയന്തരപ്രമേയ നോട്ടീസ് ലഭിച്ചു കഴിഞ്ഞാൽ, ബന്ധപ്പെട്ട വകുപ്പുമന്ത്രിക്ക് അത് സംബന്ധിച്ച തയ്യാറെടുപ്പുകൾ നടത്തുന്നതിന് മതിയായ സമയം ലഭിക്കുന്നതിലേക്കായി സഭ സമ്മേളിക്കുന്നതിന് ഒരു മണിക്കൂർ മുമ്പായി അടിയന്തരപ്രമേയത്തിന് നോട്ടീസ് ലഭ്യമാക്കണമെന്ന വ്യവസ്ഥ ചട്ടത്തിൽ ഉൾപ്പെടുത്തുന്നത് ഉചിതമായിരിക്കുമെന്ന് സമിതി വിലയിരുത്തുന്നു. അതിന്റെ അടിസ്ഥാനത്തിൽ യോഗം ആരംഭിക്കുന്നതിന് ഒരു മണിക്കൂർ മുമ്പ് നോട്ടീസ് നൽകിയിരിക്കണമെന്ന ഒരു പുതിയ വ്യവസ്ഥ ചട്ടം 51-ൽ ഉൾപ്പെടുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(vii) ഇന്ത്യൻ ഭരണഘടനയുടെ 348(3)-ാം അനുച്ഛേദം സംസ്ഥാന നിയമസഭകളിൽ ഔദ്യോഗികഭാഷയിൽ അവതരിപ്പിക്കുന്ന ബില്ലുകളുടെ ഇംഗ്ലീഷ് പരിഭാഷ ഗവർണ്ണറുടെ അധികാരിതയിൽ പ്രസിദ്ധപ്പെടുത്തണമെന്നു നിഷ്കർഷിക്കുന്നു. എന്നാൽ ഇംഗ്ലീഷ് ഭാഷയിൽ തന്നെ അവതരിപ്പിക്കുന്ന ബില്ലുകളുടെ മലയാള പരിഭാഷ ഇത്തരത്തിൽ പ്രസിദ്ധീകരിക്കണമെന്ന് വ്യവസ്ഥ ചെയ്യുന്നില്ല. അതിനാൽ ചട്ടം 69-ന്റെ ഉപചട്ടം (5) യുക്തമായ രീതിയിൽ ഭേദഗതി ചെയ്യണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(viii) 2014 ജൂലൈ 11-ാം തീയതി സ്പീക്കർ നൽകിയ റൂളിംഗ് പ്രകാരം ഒരു അംഗത്തിന് ഒരു ദിവസം സഭയിൽ അവതരിപ്പിയ്ക്കാവുന്ന അനൗദ്യോഗിക ബില്ലിന്റെ അവതരണാനുമതിക്കായുള്ള പ്രമേയത്തിന്റെ എണ്ണം പരമാവധി ഒന്നായി നിജപ്പെടുത്തുകയുണ്ടായി. പ്രസ്തുത റൂളിംഗ് ഒരു ചട്ടവ്യവസ്ഥയായി ഉൾക്കൊള്ളിക്കണമെന്നും അതിനായി ചട്ടം 70-ന്റെ ഉപചട്ടം (4) ഭേദഗതി ചെയ്യണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

(ix) റെഗുലേഷനുകൾ, ചട്ടങ്ങൾ, ഉപചട്ടങ്ങൾ, ബൈലാകൾ മുതലായവ സഭയുടെ മേശപ്പുറത്തുവയ്ക്കാൻ കാലതാമസം വരുത്തുന്നപക്ഷം അതിന്റെ കാരണം വിശദമാക്കുന്ന കാലതാമസ പത്രികകൂടി സഭയിൽ സമർപ്പിക്കുന്നതിനും വിവിധ കമ്പനികൾ, സ്വയംഭരണ

സ്ഥാപനങ്ങൾ, ബോർഡുകൾ, കോർപ്പറേഷനുകൾ തുടങ്ങിയവയുടെ വാർഷിക റിപ്പോർട്ട്/ ആഡിറ്റ് റിപ്പോർട്ട് സമയബന്ധിതമായി സഭയിൽ സമർപ്പിക്കുന്നതിനുള്ള വ്യവസ്ഥകൾ ചട്ടങ്ങളിൽ ഉൾക്കൊള്ളിക്കുന്നതിലേക്കായി ചട്ടം 166-ന് ശേഷം 166A, 166B എന്നീ പുതിയ ചട്ടങ്ങൾ ചേർക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(x) 2014 ജൂലൈ 17-ാം തീയതിയിലെ സ്പീക്കറുടെ റൂളിംഗ് പ്രകാരം അംഗങ്ങളുടെ ഹാജർ ഇലക്ട്രോണിക് രൂപത്തിലൂടെയും രേഖപ്പെടുത്തുവാൻ സഹായകരമാകത്തക്ക വിധമുള്ള വ്യവസ്ഥ ചട്ടം 172-ൽ ഉൾക്കൊള്ളിക്കുന്നതിനായി പ്രസ്തുത ചട്ടം ഭേദഗതി ചെയ്യണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(xi) സബ്ജക്ട് കമ്മിറ്റി റിപ്പോർട്ടുകളിന്മേലുള്ള ആക്ഷൻ ടേക്കൺ സ്റ്റേറ്റ്മെന്റ് യഥാസമയം ലഭ്യമാക്കാത്തതിനുള്ള കാരണം വിശദീകരിച്ചുകൊണ്ടുള്ള പത്രിക സബ്ജക്ട് കമ്മിറ്റി പരിഗണിക്കണമെന്നതു സംബന്ധിച്ച വ്യവസ്ഥ ചട്ടങ്ങളിൽ ഉൾപ്പെടുത്തുന്നതിനായി ചട്ടം 236-ന്റെ ഉപചട്ടം (5) ഭേദഗതി ചെയ്യണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(xii) വിവിധ സർക്കാർ വകുപ്പുകൾ തങ്ങളുടെ വാർഷിക പ്രവർത്തന റിപ്പോർട്ട് നിർദ്ദിഷ്ട സമയപരിധിക്കുള്ളിൽ സഭയുടെ മേശപ്പുറത്തുവയ്ക്കണമെന്ന വ്യവസ്ഥ പാലിക്കാതെ വരുന്ന സന്ദർഭങ്ങളിൽ ആയതിനുള്ള കാരണം കാണിക്കുന്ന സ്റ്റേറ്റ്മെന്റ് മേശപ്പുറത്തു വയ്ക്കണമെന്ന വ്യവസ്ഥകൂടി ചട്ടങ്ങളിൽ ഉൾപ്പെടുത്തുന്നതിനായി ചട്ടം 236-ന്റെ ഉപചട്ടം (6) ഭേദഗതി ചെയ്യണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(xiii) സബ്ജക്റ്റ് കമ്മിറ്റികളുടെ മുൻകൂർ പരിശോധനയ്ക്ക് വിധേയമാക്കാതെ സ്റ്റാറ്റ്യൂട്ടറി ചട്ടങ്ങൾ പുറപ്പെടുവിക്കേണ്ടി വരുന്ന സാഹചര്യത്തിൽ എത്രയും വേഗം അവ ബന്ധപ്പെട്ട സബ്ജക്റ്റ് കമ്മിറ്റിയുടെ സാധൂകരണത്തിനായി ലഭ്യമാക്കണമെന്ന് ചട്ടം 238-ൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. എന്നാൽ ഏതെങ്കിലും സാഹചര്യത്തിൽ അപ്രകാരം സമിതിയുടെ സാധൂകരണത്തിന് പ്രസ്തുത ചട്ടങ്ങൾ യഥാസമയം ലഭ്യമാക്കാതിരുന്നാൽ അതിനുള്ള കാരണം കാണിക്കൽ സ്റ്റേറ്റ്മെന്റ് സമിതിക്ക് ലഭ്യമാക്കണമെന്ന വ്യവസ്ഥ ചട്ടം 238(1)-ന്റെ രണ്ടാമത്തെ ക്ലിപ്തനിബന്ധനയിൽ ഉൾപ്പെടുത്തണമെന്നും ചട്ടം 238-ന്റെ ഉപചട്ടം(2)-നെ ഉപചട്ടം(c) എന്ന് തെറ്റായി രേഖപ്പെടുത്തിയിരിക്കുന്നത് തിരുത്തണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

(xiv) ചട്ടം 235-എ പ്രകാരം സബ്ജക്റ്റ് കമ്മിറ്റികൾ നടത്തുന്ന ചർച്ചയുടെ ഭാഗമായി സഭയിൽ റിപ്പോർട്ട് സമർപ്പിക്കേണ്ട സാഹചര്യം സംജാതമാവുകയാണെങ്കിൽ അതിന് വ്യവസ്ഥ ഉണ്ടാകേണ്ടതാണെന്നും അതിനായി ചട്ടം 239 ഭേദഗതി ചെയ്യണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

(xv) ധനകാര്യ സമിതികളുടെ കാലയളവ് മുപ്പത് മാസമായി നിജപ്പെടുത്തിയിട്ടുള്ള സാഹചര്യത്തിൽ ധനകാര്യവർഷം ആരംഭിച്ചാലുടൻ ധനകാര്യസമിതികൾ പുനഃസംഘടിപ്പിക്കണമെന്ന വ്യവസ്ഥ ഒഴിവാക്കുന്നതിനായി ചട്ടം 243, 245, 248 എന്നിവ ഭേദഗതി ചെയ്യണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(xvi) 'ഉത്തരവുകൾ നമ്പരിടുകയും അവ പ്രസിദ്ധപ്പെടുത്തുകയും ചെയ്യൽ' എന്ന 255-ാം ചട്ടത്തിലെ "സ്പീക്കർ സഭാനേതാവുമായാലോചിച്ച് നിർണ്ണയിക്കാവുന്ന ചട്ടങ്ങൾക്ക് വിധേയമായി, അത് പുറപ്പെടുവിച്ചശേഷം ഉടൻതന്നെ നമ്പരിട്ട് ഗസറ്റിൽ പ്രസിദ്ധപ്പെടുത്തേണ്ടതാണ്" എന്ന വ്യവസ്ഥ അപ്രായോഗികമായതിനാൽ അത് യുക്തമായ രീതിയിൽ ഭേദഗതി ചെയ്യണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(xvii) സ്ത്രീകളുടെയും കുട്ടികളുടെയും വികലാംഗരുടെയും ക്ഷേമം സംബന്ധിച്ച സമിതിയുടെ ശിപാർശ പരിഗണിച്ച്, പ്രസ്തുത സമിതിയുടെ പേര് "സ്ത്രീകളുടെയും ഭിന്നലിംഗക്കാരുടെയും കുട്ടികളുടെയും ഭിന്നശേഷിക്കാരുടെയും ക്ഷേമം സംബന്ധിച്ച സമിതി' എന്ന് ഭേദഗതി ചെയ്യണമെന്നും തദനുസൃതമായി 261 എ, 261 ബി എന്നീ ചട്ടങ്ങളിലും യുക്തമായ ഭേദഗതികൾ വരുത്തണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

(xviii) മലയാളം പൂർണ്ണ ഔദ്യോഗിക ഭാഷയായി മാറിക്കൊണ്ടിരിക്കുന്ന സാഹചര്യത്തിൽ വിവിധ സർക്കാർ വകുപ്പുകളിലെ ഭരണകാര്യങ്ങളിൽ മലയാള ഭാഷ പ്രയോഗത്തിൽ വരുത്താത്തതുമൂലം പൊതുജനങ്ങൾക്കുണ്ടാകുന്ന വൈഷമ്യം സംബന്ധിച്ച പരാതികൾ പരിശോധിക്കുന്നതു കൂടി സമിതിയുടെ കർത്തവ്യങ്ങളിൽ ഉൾപ്പെടുത്തണമെന്ന ഔദ്യോഗിക ഭാഷ സംബന്ധിച്ച സമിതിയുടെ നിർദ്ദേശം സമിതി അംഗീകരിക്കുകയും അതിന്റെ അടിസ്ഥാനത്തിൽ ചട്ടം 261 J-യിൽ ആവശ്യമായ ഭേദഗതി ഉൾപ്പെടുത്തണമെന്ന് ശിപാർശ ചെയ്യുകയും ചെയ്യുന്നു.

(xix) സഭ യോഗം ചേരുന്നതു സംബന്ധിച്ച സമയക്രമത്തിൽ നിർദ്ദേശിക്കപ്പെട്ട ഭേദഗതി പ്രകാരം വെള്ളിയാഴ്ചകളിൽ സഭാസമ്മേളനം രാവിലെ 9 മണി മുതൽ ഉച്ചയ്ക്കുശേഷം 12.30 വരെ ആയിരിക്കുന്നതാണ്. തത്ഫലമായി അനൗദ്യോഗിക കാര്യങ്ങൾക്ക് വേണ്ടത്ര സമയം ലഭ്യമാവാത്ത സാഹചര്യം സംജാതമാകുന്നതാണ്. ആയത് ഒഴിവാക്കുന്നതിലേക്കായി ചട്ടം 304 പ്രകാരം അനുമതി നൽകാവുന്ന നോട്ടീസുകളുടെ എണ്ണം പരമാവധി നാലായി നിജപ്പെടുത്തണമെന്നും അതിനായി ചട്ടം 304-ന്റെ ഉപചട്ടം (3) ഭേദഗതി ചെയ്യണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

(xx) 2016 ജൂലൈ 7-ാം തീയതിയിലെ 25-ാം നമ്പർ ബുള്ളറ്റിൻ പ്രകാരം സബ്ജക്ട് കമ്മിറ്റികൾ പരിഗണിക്കേണ്ട വിഷയങ്ങൾ പുനർവിന്യസിച്ചതിന് അനുസൃതമായി 5-ാം പട്ടിക ഭേദഗതി ചെയ്യണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

3. മുകളിൽ നിർദ്ദേശിച്ച ഭേദഗതികൾക്ക് ആനുഷംഗികമായ ഭേദഗതികൾ ഏതെങ്കിലും ചട്ടങ്ങളിൽ ആവശ്യമുണ്ടെന്ന് കാണുന്നപക്ഷം അത്തരം ഭേദഗതികൾ ബന്ധപ്പെട്ട ചട്ടങ്ങളിൽ വരുത്തണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

4. ഈ റിപ്പോർട്ടിലൂടെ സമിതി മുന്നോട്ട് വച്ച നിർദ്ദേശങ്ങൾക്കനുസൃതമായി നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിൽ വരുത്തേണ്ട ഭേദഗതികൾ സംബന്ധിച്ച വിശദാംശം അനുബന്ധമായി ചേർത്തിരിക്കുന്നു.

5. സമിതിയുടെ 2018 മാർച്ച് 7-ാം തീയതി ചേർന്ന യോഗം ഈ റിപ്പോർട്ട് പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.

പി. ശ്രീരാമകൃഷ്ണൻ,

*കേരള നിയമസഭാ സ്പീക്കർ & എക്സ്-ഒഫീഷ്യോ ചെയർമാൻ,*

*ചട്ടങ്ങൾ സംബന്ധിച്ച സമിതി.*

തിരുവനന്തപുരം,

2018 മാർച്ച് 7.

ANNEXURE

## AMENDMENTS PROPOSED TO THE RULES OF PROCEDURE AND CONDUCT OF BUSINESS IN THE KERALA LEGISLATIVE ASSEMBLY BY THE RULES COMMITTEE (2016-2019) VIDE ITS FIRST REPORT

1. *Amendment to Rule 3*

In the proviso to rule 3, for the words "by telegram" the words "by Short Message Service (SMS) or any other electronic media" shall be substituted.

2. *Amendment to Rule 12*

In rule 12, for the figures and symbol "8.30" the figures and symbol "9.00" shall be substituted in both the places and for the figures and symbol "1.30" the figures and symbol "2.00" shall be substituted.

3. *Amendment to Rule 20*

In rule 20, the words "and a half" shall be deleted.

4. *Amendment to Rule 28*

In rule 28, for the words "in writing" the words "either in writing or online" shall be substituted.

5. *Amendment to Rule 40*

In sub-rule (2) of rule 40, for the words "two rounds" the words "not more than three rounds" shall be substituted.

6. *Amendment to Rule 47*

In sub-rule (2) of rule 47, for the words "If an answer to a question is an interim reply, the final reply" the words "If an answer to a question is not given in time as specified in sub-rule (1) or if the given answer is an interim reply, the reply or final reply, as the case may be," shall be substituted.

7. *Amendment to Rule 51*

In rule 51, after the words "shall be given" the words "one hour" shall be inserted.

8. *Amendment to Rule 55*

In rule 55, for the figures and symbol "12.30" the figures and symbol "1.00" shall be substituted.

9. *Amendment to Rule 56*

In rule 56, for the figures and symbol "2.30" the figures and symbol "3.00" shall be substituted.

10. *Amendment to Rule 69*

In sub-rule (5) of rule 69, for the words "circulated in the same manner", the words "copies circulated among the members before the date of introduction of the Bill." shall be substituted.

11. *Amendment to Rule 70*

In sub-rule (4) of rule 70, for the words "two motions" the words "one motion" shall be substituted.

12. *Amendment to Rule 143*

In sub-rule (2) of rule 143, for the word, figures and symbol " at 1.30 p.m. " the words, figures and symbol "at 2.00 p.m. or on completion of the discussion thereon, whichever comes later," shall be substituted.

13. *Amendment to Rule 153*

In sub-rule (2) of rule 153, for the word, figures and symbol "at 1.30 p.m" the word, figures and symbol "at 2.00 p.m." shall be substituted.

14. *Insertion of new Rules 166A and 166B*

After the rule 166, the following new marginal headings and rules shall be inserted, namely:—

**"Time Limit for Laying of regulations, rules, sub-rules, bye-laws etc.**

166A. All regulations, rules, sub-rules, bye-laws etc., referred under sub-rule (1) of rule 166 shall be made available for laying before the Assembly at the earliest and in any case not later than two months from the date of issuance of the same. In case, any department fails to furnish any such documents within this specified time, the Minister concerned shall lay on the Table, a statement showing the reasons thereof for such delay along with the rules, sub-rules, bye-laws etc.

**Laying of annual report/audit report of Companies/Autonomous bodies/ Board/Corporation etc. on the Table**

166B(1) The annual report/audit report of Companies/Autonomous bodies/Board/Corporation etc., shall be laid on the Table of the House within the time specified in the appropriate Acts or Rules.

(2) The concerned provision of the Act or Rules under which the annual report/audit report is being laid on the Table shall be specified in the preface of the report so laid.

(3) The annual report/audit report of all Companies/Autonomous bodies/ Board/Corporation etc., unless otherwise specified in any Act or Rules in this regard, shall be laid on the Table of the House within nine months after the completion of the financial year. In case, any department fails to lay the annual report/audit report within the specified time, the reason thereof shall be laid along with annual report/audit report on the Table of the House by the Minister concerned not later than thirty days after the expiry of the time so specified or at the commencement of next session of the assembly whichever comes later.

(4) The Autonomous bodies which are bound to lay annual reports alone shall lay the same on the Table of the House within six months after the expiry of the financial year.

(5) The annual report and audit report of the non governmental organizations receiving one-time grant-in-aid of ₹ 50 lakh or those receiving recurring grant-in-aid of ₹ 25 lakh or more from the State Government, shall be laid on the Table of the House within six months after the expiry of the financial year.".

15. *Amendment to Rule 172*

For rule 172, the following rule shall be substituted, namely:—

"172. A Member other than the Speaker, the Deputy Speaker, the Chief Minister, the Ministers, the Leader of Opposition and the Government Chief Whip shall record his attendance on the days of sittings of the Assembly either marking in attendance book or electronically and if any such member failed to record his attendance on any day, he shall be presumed to have been absent from the Assembly on that day.".

16. *Amendment to Rule 236*

In rule 236,—

(i) in sub-rule (5), the following words shall be added at the end, namely:—

"The Committee shall examine whether the reason thereof, put forth for the delay in furnishing the action taken statement is satisfactory.";

(ii) in sub-rule (6), the following shall be added at the end, namely:—

"If any of the government department fails to lay the Annual Performance Report in time, the same shall be laid on the Table by the Minister concerned along with a statement showing the reason thereof, for the delay, at the earliest. The Subject Committee shall examine whether the reason thereof, put forth for the delay in furnishing the Annual Performance Report is satisfactory.".

17. *Amendment to Rule 238*

In rule 238,—

(i) in the second proviso to sub-rule (1), the following shall be added at the end, namely:—

"In case if any government department fails to do so in time, the reason thereof shall be furnished to the Committee and the Committee shall examine whether the reason given in the delay statement is reasonable.";

(ii) The existing provision given as item(c) to sub-rule (1) shall be re-numbered as sub-rule (2) of rule 238.

18. *Amendment to Rule 239*

In rule 239,—

(i) in sub-rule (2), after the words "A Subject Committee may," the words "if it desires to present a report to the House" shall be added;

(ii) after sub-rule (4), the following sub-rule shall be added, namely:—

"(5) Each Subject Committee may, if it desires so, present a report to Assembly on the basis of the discussion held under rule 235A.".

19. *Amendment to Rule 243*

In rule 243, the words ", as soon as may be, after the commencement of the financial year," shall be deleted.

20. *Amendment to Rule 245*

In rule 245, the words ", as soon as may be, after the commencement of the financial year," shall be deleted.

21. *Amendment to Rule 248*

In rule 248, the words ", as soon as may be, after the commencement of the financial year," shall be deleted.

22. *Amendment to Rule 255*

In rule 255, the words ", shall subject to such rules as the Speaker may, in consultation with the Leader of the House prescribe," shall be deleted.

23. *Amendment to Rule 261A*

In rule 261A and its title, for the words "Women, Children and Physically Handicapped" the words "Women, Transgenders, Children and Differently Abled" shall be substituted.

24. *Amendment to Rule 261B*

In rule 261B,—

(i) in item (a) of sub-rule (1), for the words "women and children" the words "women, transgenders and children" shall be substituted;

(ii) in item (d) of sub-rule (1), for the words "physically handicapped" the words "differently abled" shall be substituted;

(iii) in item (b) of sub-rule (2), for the words "women and children" the words and symbol "women, transgenders and children" shall be substituted;

(iv) in item (c) of sub-rule (2) for the words "women and children" the words and symbol "women, transgenders and children" shall be substituted;

(v) in item (d) of sub-rule (2), for the words "women and children" the words and symbol "women, transgenders and children" shall be substituted;

(vi) in item (e) of sub-rule (2), for the words "physically handicapped" the words "differently abled" shall be substituted;

(vii) after item (e) of sub-rule (2), the following item shall be added, namely:—

"(f) the discriminatory treatment against transgenders by the government departments and public authorities in providing education, public transport, health, social security and other services.";

(viii) in item (a) of sub-rule (3), after the word "widows" the words "and transgenders" shall be added;

(ix) in item (b) of sub-rule (3), for the words "physically handicapped" the words "differently abled" shall be substituted;

(x) in item (e) of sub-rule (3), for the words "physically handicapped" the words "differently abled" shall be substituted;

(xi) after item (e) of sub-rule (3), the following item shall be added, namely:—

"(f) ensuring formal education and employment for the transgenders so that the community shall be brought into the mainstream.".

25. *Amendment to Rule 261 J*

In rule 261 J, after sub-rule (8) the following sub-rule shall be inserted, namely:—

"(8A) (i) to examine the complaints regarding,—

(a) personal grievances due to the usage of languages other than Malayalam in the certificates, orders, minutes of meetings, letters, circulars etc., issued from the various government institutions, quasi- government institutions, public sector undertakings and such other institutions where Malayalam has been declared as official language;

(b) the non-availability of application forms and guidelines relating to the services and other benefits from government in Malayalam language,—

which may be received by the Committee directly or referred by the Speaker from time to time;

(ii) to seek report or explanation from the concerned Government Secretaries on the basis of a complaint under clause (i) or otherwise;

(iii) to suggest remedial measures on matters contained in any or all of such complaints;".

26. *Amendment to Rule 304*

In sub-rule(3) of rule 304, for the word "eight" the word "four" shall be substituted.

27. *Amendment to Fifth Schedule*

In the Fifth Schedule- Subject Committees,—

(i) The entry "Legal Metrology" under the Title Committee II—Land Revenue and Devaswom shall be deleted and the same entry shall be inserted under the Title Committee XI—Food, Civil Supplies and Co-operation just below the existing entries.

(ii) The entry "Information Technology" under the Title Committee IV—Industry and Minerals shall be deleted.

(iii) The entry "Air Transport" under the Title Committee V—Works, Transport and Communications shall be deleted.

(iv) The entry "Science and Technology (including Research)" under the Title Committee VI—Education shall be deleted.

(v) The entry "Welfare of Minorities" under the Title Committee XIV—Home Affairs shall be deleted and the same entry shall be inserted under the Title Committee IX—Local Administration, Rural Development and Housing just below the existing entries.

(vi) The entries "Information Technology", "Air Transport", "Science and Technology (including Research)" shall respectively be inserted under the Title Committee XIV—Home Affairs just below the entry "Parliamentary Affairs".

©
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2018

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.